LIBRARY ARCHIVES Kerala Legislative Assembly

തോട്ടങ്ങളെ ഏറ്റെടുക്കൽ

60. [656] ശ്രീ. എൻ. കണ്ണപ്പൻ : തീപ്പ് കാണുന്ന വിഭാഗത്തിനു മുതൽ മന്ത്രിമാർ അവർക്കുള്ള വിഷയ ചുമതലയുള്ളവരാണോ :

(എ) കേരളത്തിൽ വിദേശികളുടെ ഉടമസ്ഥതയിലുള്ള തോട്ടങ്ങൾ എളുപ്പത്തിൽ ഏറ്റെടുക്കുന്നതു സംബന്ധിച്ച കേന്ദ്രീയ കൃഷിയുടെ ശുപാർശയനുസരിച്ച് കമ്മീഷൻ ഓഫ് ഇൻകുബേറ്റ് ആക്ട് പ്രകാരം ഒരു കമ്മീഷനെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ അന്വേഷണത്തിനായി കമ്മീഷനെ നിയമിച്ചിട്ടുണ്ടോ ;

(സി) നിയമിക്കപ്പെട്ടിട്ടുണ്ടെങ്കിൽ അതിന്റെ അംഗങ്ങൾ ആരെല്ലാം ;

(ഡി) അവർക്കുള്ള ടേംസ് ഓഫ് റഫറൻസ് എന്തൊക്കെ ;

(ഇ) അന്വേഷണം എപ്പോൾ പൂർത്തിയാകും ;

(എഫ്) ഇടക്കാല റിപ്പോർട്ടുകൾ സമർപ്പിക്കാൻ നിർദ്ദേശമുണ്ടോ ;

(ജി) ഏതെല്ലാം തോട്ടങ്ങളാണ് ഏറ്റെടുക്കുന്നതിനായി കണ്ടെത്തിയിട്ടുള്ളത് എന്നും, ഏതെല്ലാം തോട്ടങ്ങൾ ഏറ്റെടുക്കുന്നതിനാണ് ശുപാർശ ചെയ്തിട്ടുള്ളത് എന്നും മറ്റുമുള്ള വിവരങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ, ബി, സി) അന്വേഷണകമ്മീഷനെ നിയമിക്കുവാൻ തീരുമാനിക്കുകയും അപ്രകാരം കമ്മീഷനെ നിയമിച്ചുകൊണ്ടുള്ള ഗവൺമെന്റ് ഓർഡർ പുറപ്പെടുവിക്കുകയും നോട്ടിഫിക്കേഷൻ പരസ്യപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ന്യൂഡൽഹിയിലെ ഇൻഡ്യൻ സ്റ്റാറ്റിസ്റ്റിക്കൽ ഇൻസ്റ്റിറ്റ്യൂട്ടിലെ എക്കണോമിക്സ് പ്രൊഫസർ ഡാക്ടർ പി. കെ. ബർധൻ കമ്മീഷന്റെ ചെയർമാനും പ്രസ്തുത ഇൻസ്റ്റിറ്റ്യൂട്ടിലെ അസ്സോഷ്യേറ്റ് പ്രൊഫസർ ഡാക്ടർ എസ്. ടെൻഡുൽക്കർ മെമ്പറുമാണ്.

(ഡി) 'ടേംസ് ഓഫ് റഫറൻസ്' താഴെ പറയുന്നവയാണ്.

1. ഈ രാജ്യത്ത് വിദേശ ഉടമകളുടെ അധീനതയിലുള്ള പ്ലാന്റേഷനുകളുടെ ഇന്നത്തെ അവസ്ഥയും അവ സംസ്ഥാനത്തിന്റെ സാമ്പത്തിക നിലവാരത്തിനു നൽകുന്ന സംഭാവനയും.

2. ടി പ്ലാന്റേഷനുകളുടെ 1961 മുതലുള്ള വികസനപ്രവർത്തനങ്ങളും അവയുടെ അടുത്ത പത്തുവർഷത്തേക്കുള്ള പ്ലാനും.

3. കേരളത്തിലെ സാമ്പത്തിക നിലവാരത്തിലും കയറ്റുമതിയിലുമുള്ള സംഭാവന വർദ്ധിപ്പിക്കത്തക്കവിധത്തിൽ പ്ലാന്റേഷനുകളുടെ കഴിവുകളെ മെച്ചപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ.

4. പ്രസ്തുത പ്ലാന്റേഷനുകളെ ദേശസാൽക്കരിക്കുന്നതിനുള്ള സാധ്യതയും നഷ്ടപരിഹാരം ചെയ്യുന്നതിനുള്ള അടിസ്ഥാനതത്വങ്ങളും നഷ്ടപരിഹാരമായി കൊടുക്കേണ്ട സംഖ്യയും മറ്റും തിട്ടപ്പെടുത്തുക.

(ഇ) 1970 ആഗസ്റ്റ് മുപ്പത്തിരണ്ടോടുകൂടി അന്വേഷണം പൂർത്തിയാക്കണമെന്നാണ് ഗവൺമെന്റു നിർദ്ദേശിച്ചിട്ടുള്ളത്.

(എഫ്) ഇടക്കാലറിപ്പോർട്ടിന്റെ ആവശ്യമുണ്ടെന്നു ഗവൺമെന്റ് കരുതുന്നില്ല.

(ജി) ഉദിക്കുന്നില്ല.